(ബി) സംഭവവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്ത ഡോക്ടർമാർക്ക് പകരം ആശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ 3 അഡ്ഹോക് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ താലൂക്ക് ആശുപത്രി പഴയങ്ങാടി, പി.എച്ച്.സി.-കളായ ചെറുതാഴം, മാട്ടൂൽ, കുഞ്ഞിമംഗലം, ഡബ്ല്യു&സി, മങ്ങാട്ടുപറമ്പ് എന്നീ സ്ഥാപനങ്ങളിൽനിന്നും ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുകയും ചെയ്തു.

(സി) സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് പ്ലേസ്മെന്റ് നൽകി ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പഴയങ്ങാടി താലൂക്ക് ആശുപത്രി

63 (2614) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര ജീവനക്കാരുടെ ഒഴിവുകളാണ് നിലവിലുള്ളത് ; ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയിൽ മരുന്ന് സൂക്ഷിക്കുന്നതിന് എയർ കണ്ടീഷൻ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ 4 അസിസ്റ്റന്റ് സർജന്മാരുടെയും അനസ്തേഷ്യ, ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി എന്നീ വിഭാഗങ്ങളിൽ ഓരോ ജൂനിയർ കൺസൾട്ടന്റുമാരുടെയും ഒഴിവുകളാണ് നിലവിലുള്ളത്. അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നല്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് പ്ലേസ്മെന്റ് നല്കി ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പ്രസ്തുത ആശുപത്രിയിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി അഡ്ഹോക് വ്യവസ്ഥയിൽ അനസ്തേഷ്യ, മെഡിസിൻ, സർജറി വിഭാഗത്തിൽ ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) ആശുപത്രിയിൽ മരുന്ന് സൂക്ഷിക്കുന്നതിന് സ്റ്റോർ റൂമിൽ എച്ച്.എം.സി. ഫണ്ട് ഉപയോഗിച്ചുകൊണ്ട് റാക്കുകൾ വാങ്ങി സജ്ജീകരിച്ചിട്ടുണ്ട്. എയർ കണ്ടീഷണർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് എച്ച്.എം.സി.-യുടെ ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കാൻസർ ചികിത്സാ സൗകര്യങ്ങൾ

64 (2615) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അർബുദരോഗ ചികിത്സ സൗജന്യമാക്കുന്ന പദ്ധതിക്കായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് ;

(ബി) മലബാർ കാൻസർ സെന്ററിനും മറ്റ് സർക്കാരാശുപത്രികൾക്കും അർബുദ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാനായി ഈ വർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനത്ത് അർബുദ ചികിത്സക്കുള്ള സൗകര്യം പര്യാപ്തമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ സൗകര്യ വികസനത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ ?